10090
30/9/14

**കേരള സർക്കാർ**

**പൊതുഭരണ (ഏകോപനം) വകുപ്പ്**

നം. 73640/സി.ഡി.എൻ.4/2014/പൊ.ഭ.വ. തീയതി, തിരുവനന്തപുരം, 27-09-2014

## പരിപത്രം

വിഷയം:- **സ്വച്ഛതാ ഭാരത് മിഷൻ - എല്ലാ സർക്കാർ സ്ഥാപനങ്ങളിലും 2014 ഒക്ടോബർ-2-ന് സ്വച്ഛതാ ശപഥ് (പ്രതിജ്ഞ) എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്- സംബന്ധിച്ച്**

സൂചന :- ക്യാബിനറ്റ് സെക്രട്ടറി ശ്രീ. അജിത് സേത് ബഹു. ചീഫ് സെക്രട്ടറിക്ക് അയച്ച 20/09/2014-ലെ സി.എസ്-14772/2014-)൦ നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

-----------

മഹാത്മാഗാന്ധിയുടെ 150-)൦ ജന്മവാർഷികത്തോടനുബന്ധിച്ച് ഭാരതത്തിലുടനീളം 2014 സെപ്റ്റംബർ 25 മുതൽ "സ്വച്ഛതാ ഭാരത് മിഷൻ" എന്ന പേരിൽ ഒരു ദേശീയ ശുചിത്വ കാംപെയിൻ നടത്താൻ പ്രധാനമന്ത്രി ആഹ്വാനം ചെയ്തിരിക്കുകയാണ്. എല്ലാ സർക്കാർ സ്ഥാപനങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളും വിദ്യാഭ്യാസം, ആരോഗ്യം, ഗ്രാമവികസനം, നഗരകാര്യം, തദ്ദേശ സ്വയംഭരണം തുടങ്ങിയ വകുപ്പുകൾക്കുകീഴിലുള്ള സ്ഥാപനങ്ങളും, സർക്കാരിതര സംഘടനകളും, യുവജന സംഘടനകളും, സ്വയംസഹായ സംഘടനകളും, റസിഡൻസ് അസ്സോസിയേഷൻ അടക്കമുള്ള മറ്റു സംഘടനകളും പ്രസ്തുത ദേശീയ ശുചിത്വ കാംപെയിനിൽ പങ്കാളികളാകണമെന്നും ഈ സംരംഭം വിജയകരമാക്കണമെന്നും സൂചനയിലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി 2014 ഒക്ടോബർ-2-ന് എല്ലാ സർക്കാർ സ്ഥാപനങ്ങളിലും സ്വച്ഛതാ ശപഥ് (പ്രതിജ്ഞ) എടുക്കണമെന്നും അന്നേദിവസം നടക്കുന്ന എല്ലാ പൊതു പരിപാടികളിലും സ്വച്ഛതാ ശപഥ് (പ്രതിജ്ഞ) എടുക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

എല്ലാ വകുപ്പുമേധാവികളും, ജില്ലാ കളക്ടർമാരും, പൊതുമേഖലാ, സ്വയംഭരണ സ്ഥാപനങ്ങളിലെ മേധാവികളും അവരവരുടെ ഓഫീസുകളിലും അതാത് വകുപ്പുകളുടെ ഭരണ നിയന്ത്രണത്തിലുള്ള ഓഫീസുകളിലും 2014 ഒക്ടോബർ-2-ന് രാവിലെ 9.45 മണിക്ക് സ്വച്ഛതാ ശപഥ് (പ്രതിജ്ഞ) എടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും അന്നേദിവസം നടക്കുന്ന എല്ലാ പൊതു പരിപാടികളിലും സ്വച്ഛതാ ശപഥ് (പ്രതിജ്ഞ) എടുക്കേണ്ടതുമാണ്. പ്രതിജ്ഞയുടെ പൂർണ്ണരൂപം ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.

**കെ. ആർ. ജ്യോതിലാൽ**
**സെക്രട്ടറി**

എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പു മേധാവികൾക്കും
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
എല്ലാ പൊതുമേഖലാ, സ്വയംഭരണ സ്ഥാപനങ്ങളുടേയും മേധാവികൾക്ക്
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (ആമുഖ കത്ത് സഹിതം)

........2

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള /കാലിക്കറ്റ്/ കുസാറ്റ് /കണ്ണൂർ/മഹാത്മാഗാന്ധി - സർവ്വകലാശാലകൾ
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി. പി.ഓ, എറണാകുളം
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, തൃശ്ശൂർ-680 596
രജിസ്ട്രാർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, ക്യാമ്പ് ഓഫീസ്,
കേരള കാർഷിക സർവ്വകലാശാലാ ക്യാമ്പസ്, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി
പൊതുഭരണ (ഹൗസ് കീപ്പിംഗ്) വകുപ്പ് (പ്രതിജ്ഞാചടങ്ങ് സെക്രട്ടേറിയറ്റിൽ
സംഘടിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി)
പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് (പ്രതിജ്ഞാചടങ്ങ് സെക്രട്ടേറിയറ്റിൽ
സംഘടിപ്പിക്കുന്നതിന് ദർബാർ ഹാൾ ബുക്ക് ചെയ്യുന്നതിനായി)
തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പിന് (അറിവിലേക്കായി)
എക്സിക്യൂട്ടിവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്ക്
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
സ്പീക്കറുടെ/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
സർക്കാർ ചീഫ് വിപ്പിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

# ശുചീകരണ പ്രതിജ്ഞ

മഹാത്മാഗാന്ധി സ്വപ്നംകണ്ട ഭാരതത്തിൽ ദേശീയ സ്വാതന്ത്ര്യം മാത്രമായിരുന്നില്ല, ശുചിത്വബോധമുള്ളതും വികസിതവുമായ ഒരു രാഷ്ട്രം എന്ന സങ്കൽപ്പവും കൂടി ഉണ്ടായിരുന്നു.

മഹാത്മാഗാന്ധി അടിമത്തത്തിന്റെ ചങ്ങലപൊട്ടിച്ച് ഭാരത മാതാവിനെ സ്വതന്ത്രമാക്കി.

ഇനി നമ്മുടെ കർത്തവ്യം മാലിന്യനിർമ്മാർജ്ജനത്തിലൂടെ ഭാരത മാതാവിനെ സേവിക്കുക എന്നതാണ്.

ശുചിത്വംപാലിക്കാൻ ജാഗ്രത പുലർത്തുകയും അതിനുവേണ്ടി സമയം വിനിയോഗിക്കുകയും ചെയ്യുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

വർഷത്തിൽ നൂറു മണിക്കൂർ, അതായത് ആഴ്ചയിൽ രണ്ടു മണിക്കൂർ എന്ന തോതിൽ ശ്രമദാനത്തിലൂടെ ശുചിത്വം എന്ന ആശയം ഞാൻ സാർത്ഥകമാക്കും.

ഞാൻ മാലിന്യത്തിന് കാരണക്കാരനാകുകയോ മറ്റുള്ളവരെ അതിന് അനുവദിക്കുകയോ ചെയ്യുകയില്ല.

ആദ്യമായി ഞാൻ ശുചിത്വത്തിന് നാന്ദി കുറിക്കുന്നത് എന്നിൽ നിന്നും എന്റെ കുടുംബത്തിൽനിന്നും എന്റെ പ്രദേശത്തുനിന്നും എന്റെ ഗ്രാമത്തിൽ നിന്നും എന്റെ ജോലിസ്ഥലത്തുനിന്നും ആയിരിക്കും.

ശുചിത്വംപാലിക്കുന്ന രാഷ്ട്രങ്ങളിലെ ജനങ്ങൾ ഒന്നും മലിനമാക്കുകയോ മലിനമാക്കുവാനനുവദിക്കുകയോ ചെയ്യുന്നവരല്ലെന്ന് ഞാൻ മനസ്സിലാക്കുന്നു.

ഈ ചിന്തയോടുകൂടി ഞാൻ തെരുവുകൾതോറും ഗ്രാമങ്ങൾ തോറും ശുചിത്വ ഭാരത സന്ദേശം പ്രചരിപ്പിക്കും.

ഇന്നു ഞാനെടുക്കുന്ന ഈ പ്രതിജ്ഞ മറ്റ് നൂറ് വ്യക്തികളെക്കൊണ്ടുകൂടി എടുപ്പിക്കും.

അവരും എന്നെപ്പോലെ ശുചിത്വത്തിന് വേണ്ടി നൂറ് മണിക്കൂർ ചെലവഴിക്കാൻ ഞാൻ പരിശ്രമിക്കും.

ശുചീകരണത്തിനുവേണ്ടി ഞാൻ വച്ച ഓരോ ചുവടും ഭാരതം മുഴുവൻ ശുചിത്വമുള്ളതാക്കുവാൻ സഹായകരമായിരിക്കും എന്ന് എനിക്കറിയാം.